**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 131** **22-07-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റാമ്പ് വെണ്ടർമാരുടെ തൊഴിൽ നിലനിർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇ സ്റ്റാമ്പ് സംവിധാനം നടപ്പിലാക്കുന്നതോടെ നിലവിലുള്ള സ്റ്റാമ്പ് വെണ്ടർമാരുടെ തൊഴിൽ നിലനിർത്താൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ ഭൗതിക മുദ്രയും മുദ്രപത്രങ്ങളും ലൈസൻസുള്ള സ്റ്റാമ്പ് വെണ്ടർമാർ മുഖാന്തിരമാണ് വിതരണം നടത്തുന്നത്. 29/01/2021-ലെ സ.ഉ.(സാധാ) നം. 66/2021/നികുതി പ്രകാരം ഒരു ലക്ഷം രൂപ വരെയുള്ള രജിസ്ട്രബിൾ/നോൺ രജിസ്ട്രബിൾ ഡോക്യുമെന്റുകൾക്ക് കൂടി ഇ-സ്റ്റാമ്പിങ് നടപ്പിലാക്കുവാൻ തീരുമാനിക്കുകയും, ആയത് 13/02/2021 ലെ സ.ഉ. (സാധാ) നം. 120/2021/ നികുതി പ്രകാരം അടുത്ത ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ മരവിപ്പിച്ചിട്ടുമുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | മരണപ്പെട്ട വെണ്ടർമാരുടെ ഒഴിവിൽ താൽക്കാലികമായി നിയമിച്ചിരുന്ന അവരുടെ ആശ്രിതരുടെ ലൈസൻസ് പുതുക്കേണ്ടതില്ല എന്ന ട്രഷറി ഡയറക്ടറുടെ ഉത്തരവ് പ്രകാരം ഇത്തരം ആളുകളെ തൊഴിൽ രഹിതരാക്കുന്ന നടപടി പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | മരണപ്പെട്ട വെണ്ടർമാരുടെ ഒഴിവിൽ സ്പെഷ്യൽ വെണ്ടർ ലൈസൻസ് നൽകിയിട്ടുള്ള സ്റ്റാമ്പ് വെണ്ടർമാരുടെ ലൈസൻസ് പുതുക്കേണ്ടതില്ലയെന്ന ഉത്തരവ് ട്രഷറി വകുപ്പ് നൽകിയിട്ടില്ല. |
| (സി) | താൽക്കാലിക വെണ്ടർമാരെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | സ്ഥിരം സ്റ്റാമ്പ് വെണ്ടർ മരണപ്പെടുമ്പോൾ ചട്ടപ്രകാരം അവകാശിക്കോ, തീറുകാരനോ വെണ്ടറുടെ കൈവശം അവശേഷിക്കുന്ന മുദ്രയും മുദ്രപ്പത്രങ്ങളും വിൽപ്പന നടത്തുന്നതിന് ആറുമാസത്തേക്ക് സ്പെഷ്യൽ വെണ്ടർ ലൈസൻസ് അനുവദിച്ചു നൽകിവരുന്നു. കൂടാതെ പ്രസ്തുത സ്പെഷ്യൽ വെണ്ടർ ലൈസൻസിക്ക് പുതിയ സ്റ്റോക്ക് നൽകുകയും നിലവിലുള്ള സ്പെഷ്യൽ ലൈസൻസുകൾ ആറുമാസം വീതം പുതുക്കി നൽകുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ